"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - വി സി/8/15/കെ.എസ്.ഡി നമ്പർ വിജിലൻസ് കേസിലെ രണ്ടാം പ്രതിയായ കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് മുൻ സിഡിഎസ് ചെയർപേഴ്സൺ ശ്രീമതി. സുശീല കെ.വി.ക്കെതിരെയുള്ള വിചാരണ അനുമതി നല്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.28/2026/LSGD തീയതി,തിരുവനന്തപുരം, 17-01-2026

പരാമർശം:-
1. 08/11/2021-ലെ സ.ഉ.(അച്ചടി) നമ്പർ.55/2021/തസ്വഭവ
2. 20/09/2025-ലെ സ.ഉ.(അച്ചടി) നമ്പർ.50/2025/തസ്വഭവ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/04/2025-ലെ KSHO/209/2025-M2 MF നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുടുംബശ്രീ ബൈലോ അനുഛേദം 20.1 പ്രകാരം കുടുംബശ്രീ ത്രിതല ഭരണ സംവിധാനത്തിലെ ഏതൊരു അംഗവും ഔദ്യോഗിക-അനൗദ്യോഗിക അംഗങ്ങളും ഏതെങ്കിലും രീതിയിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയാണെങ്കിൽ പ്രോസിക്യൂഷന് വിധേയമാക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും, ഏത് അധികാര സ്ഥാനത്തുള്ള ഉദ്യോഗസ്ഥനാണ് പ്രോസിക്യൂഷൻ അനുമതി നൽകാൻ അധികാരമുള്ളത് എന്ന് ബൈലോയിൽ പ്രതിപാദിച്ചിട്ടില്ലെന്നും ബൈലോ അനുഛേദം 16.5.7 പ്രകാരം ബൈലോയിൽ പ്രത്യേക പരാമർശം ഇല്ലാത്ത നടപടികളിൽ സർക്കാർ/കുടുംബശ്രീ സംസ്ഥാന മിഷന്റെ തീരുമാനങ്ങൾ പാലിക്കേണ്ടതാണെന്നും ആയതിനാൽ വി സി/8/15/കെ.എസ്.ഡി നമ്പർ വിജിലൻസ് കേസിലെ രണ്ടാം പ്രതിയായ കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് മുൻ സിഡിഎസ് ചെയർപേഴ്സൺ ശ്രീമതി.സുശീല.കെ.വി.ക്കെതിരെയുള്ള വിചാരണ അനുമതി നൽകുന്നതിന് അധികാരമുള്ള ഉദ്യോഗസ്ഥനെ സംബന്ധിച്ചുള്ള സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1988 -ലെ അഴിമതി നിരോധന നിയമത്തിലെ 19-ാം വകുപ്പ് പ്രകാരമുള്ള പ്രോസിക്യൂഷൻ അനുമതി നൽകേണ്ട അധികാരി ബന്ധപ്പെട്ട വസ്തുതകളും രേഖകളും വസ്തുനിഷ്ഠമായി പരിശോധിച്ച് application of mind ഉപയോഗിച്ച് ആണ് വിചാരണ അനുമതി നൽകേണ്ടത്. ബഹു. കേരള ഹൈക്കോടതി S. Gopakumar Vs. State Of Kerala on 9 June, 2021 (CRL.A NO. 1417 OF 2007) എന്ന കേസിൽ ചുവടെ പറയും പ്രകാരം നിരീക്ഷിയ്ക്കുന്നു.-

" 86. In CBI v. Asok Kumar Aggarwal: AIR 2014 SC 827, the Supreme Court has held that, as regards sanction under Section 19 of the Act, in every individual case, the prosecution has to satisfy the Court that at the time of sending the matter for grant of sanction by the competent authority, adequate material for such grant was made available to the said authority and in every individual case, the Court has to find out whether there has been an application of

mind on the part of the sanctioning authority concerned on the material placed before it. It has also been held that there is an obligation on the sanctioning authority to discharge its duty to give or withhold sanction only after having full knowledge of the material facts of the case. It has been further held that consideration of the material implies application of mind and therefore, the order of sanction must ex facie disclose that the sanctioning authority had considered the evidence and other material placed before it. It has also been held that, if the sanction order on its face indicates that all relevant material i.e. FIR, disclosure statements, recovery memos, draft charge-sheet and other materials on record were placed before the sanctioning authority and if it is further discernible from the recital of the sanction order that the sanctioning authority perused all the material, an inference may be drawn that the sanction had been granted in accordance with law."

ബഹു. സുപ്രീം കോടതി Vijay Rajmohan Vs. State represented by IOP, Tamilnadu dated 11/10/2022 എന്ന കേസിലെ വിധിന്യായത്തിൽ ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്.-

"The final decision of the appointing authority must be of its own by application of independent mind."

3) മേൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വി.സി.08/2015/കെ എസ് ഡി നമ്പർ കേസിലെ രണ്ടാം പ്രതിയായ ശ്രീമതി.സുശീല.കെ.വി, D/o. കണ്ണൻ, 44/16, കർത്തമാസി വീട്, കാലിച്ചാനടുക്കം, നീലേശ്വരം (മുൻ ചെയർപേഴ്സൺ, സി.ഡി.എസ്, കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്) എന്നവർക്കെതിരെ 1988 -ലെ അഴിമതി നിരോധന നിയമത്തിലെ 19-ാം വകുപ്പ് പ്രകാരമുള്ള പ്രോസിക്യൂഷൻ അനുമതി നൽകുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് പരാമർശം (1), (2) പ്രകാരമുള്ള കുടുംബശ്രീ ബൈലോ അനുച്ഛേദം 16.5.7 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

4). കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ വിചാരണാനുമതി നൽകുന്നതിന് മുമ്പായി കുറ്റാരോപണവുമായി ബന്ധപ്പെട്ട വസ്തുതകളും ചാർജ്ജ് ഷീറ്റ് എന്നിവയും മറ്റ് അനുബന്ധ രേഖകളും വസ്തുനിഷ്ഠമായി പരിശോധിക്കേണ്ടതും കുറ്റാരോപിതയുടെ പ്രവൃത്തിക്ക്, ബാധകമായ നിയമങ്ങളും കേസ് നിയമങ്ങളും പ്രകാരം വിചാരണാനുമതി നൽകണോ എന്നത് സംബന്ധിച്ച് application of mind ഉപയോഗിച്ച് വിലയിരുത്തി, ബന്ധപ്പെട്ട നിയമങ്ങളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിൽ 1988 -ലെ അഴിമതി നിരോധന നിയമത്തിലെ 19-ാം വകുപ്പ് പ്രകാരമുള്ള പ്രോസിക്യൂഷൻ അനുമതി നൽകുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും, പ്രോസിക്യൂഷൻ അനുമതി നൽകുന്നതിന് തീരുമാനിക്കുന്ന പക്ഷം അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
വിജിലൻസ് (സി) വകുപ്പ് (12.11.2024-ലെ 366/Vig.C2/2021 നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/96/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 17-01-2026 11:33:44

സെക്ഷൻ ഓഫീസർ